# ഞങ്ങൾ വിശ്വസിക്കുന്നു
## (സംക്ഷിപ്തം)

1. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ വ്യക്തിത്വങ്ങളോടു കൂടിയ ത്രിയേക ദൈവത്തിൽ.
2. രക്ഷ യേശുക്രിസ്തുവിൽ കൂടി മാത്രം.
3. യേശുക്രിസ്തു സത്യദൈവം.
4. ഏതെങ്കിലും കർമ്മാനുഷ്ഠാനങ്ങളാൽ പാപപരിഹാരം സാധ്യമല്ല. യേശുക്രിസ്തുവിന്റെ പാപപരിഹാര ബലിയിലുള്ള വിശ്വാസം മാത്രമാണ് രക്ഷയ്ക്ക് നിദാനം.
5. മനുഷ്യന് പാപക്ഷമ കൊടുക്കുവാൻ വേറൊരു മനുഷ്യനാലോ, ഏതെങ്കിലും മാനുഷിക പ്രവൃത്തിയാലോ സാധ്യമല്ല.
6. പാപങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞ് ക്ഷമ യാചിക്കണം. മനുഷ്യനോടു ചെയ്ത തെറ്റുകൾക്ക് മനുഷ്യരോട് പരിഹാരം വരുത്തിയിട്ടു വേണം. ദൈവത്തോട് ക്ഷമയ്ക്കായി അപേക്ഷിക്കുവാൻ.
7. യേശുക്രിസ്തു മാത്രമാണ് ഏകമധ്യസ്ഥൻ; വേറെ മധ്യസ്ഥന്മാരില്ല.
8. യേശുക്രിസ്തു മാത്രമാണ് നമ്മുടെ ഏക മഹാപുരോഹിതൻ
9. ക്രിസ്തു പാപമില്ലാത്തവനും പാപം ചെയ്യുവാൻ കഴിയാത്തവനും ആണ്.
10. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരുന്നു.

11. പ്രാർത്ഥന യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവാം ദൈവത്തോടു മാത്രം കഴിക്കേണ്ടതാണ്. മറ്റാരോടെങ്കിലും പ്രാർത്ഥിക്കുന്നത് തെറ്റാണ്.
12. മനുഷ്യനും ദൈവത്തിനും ഇടയിൽ നിൽക്കുവാൻ യേശുക്രിസ്തു അല്ലാതെ ദൈവമനുഷ്യൻ എന്ന പേരിൽ ആരും ഇല്ല.
13. പ്രാർത്ഥനയിൽ ജല്പനമോ അതിഭാഷണമോ പാടില്ല.
14. പ്രാർത്ഥനാ സ്വഭാവമുള്ള ആത്മിക ജീവിതം (രഹസ്യപ്രാർത്ഥന) ഓരോ വിശ്വാസിയും പുലർത്തേണ്ടതാണ്.
15. പ്രാർത്ഥിക്കുമ്പോൾ സ്ത്രീകൾ വചനപ്രകാരം തലമൂടുകയും കീഴ്പ്പെട്ടിരിക്കയും വേണം.

16. സ്നാനം, കർത്തൃമേശ, ആരാധന ഇവ രക്ഷിക്കപ്പെട്ടവർക്കുവേണ്ടി നൽകിയിരിക്കുന്നവയാണ്.
17. സ്നാനം മുഴുകലും, വിശ്വസിച്ചവർക്കു മാത്രവുമുള്ളതാണ്, മാനസാന്തരപ്പെട്ട് വിശ്വസിക്കുന്നവർക്കു മാത്രമേ സ്നാനം നൽകുവാൻ പാടുള്ളൂ.
18. സ്നാനം രക്ഷയ്ക്കുള്ള ഉപാധി അല്ല. അഥവാ സ്നാനത്താൽ പാപമോചനം വേദപുസ്തക പ്രമാണമല്ല.

19. സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആയിരിക്കണം.

20. വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുകയോ, ആരാധിക്കുകയോ, അവയോട് പ്രാർത്ഥിക്കുകയോ ചെയ്യുന്നത് ദൈവകല്പനയുടെ നഗ്നമായ ലംഘനം ആണ്.

21. കുരിശ് കർത്താവിനെ കൊല്ലുവാൻ ഉപയോഗിച്ച ആയുധമാണ് അതിനെ വന്ദിക്കുന്നത് കർത്താവിനെ നിന്ദിക്കുന്നതിന് തുല്യമാണ്.

22. മെഴുകുതിരി കത്തിക്കൽ വചനാനുസൃതമല്ല.

23. വേദപുസ്തകം ദൈവാത്മ നിശ്വാസമായ ദൈവിക നിയമം ആണ്.

24. പാരമ്പര്യങ്ങളോ സമകാലീന രീതികളോ ചരിത്രരേഖകളോ കൊണ്ട് ഉപദേശ രൂപവല്ക്കരണം പാടില്ല.

25. ഓരോ മനുഷ്യനും പാപത്തിലാണ് ജനിക്കുന്നത് ആകയാൽ എല്ലാവരും പാപികളാണ്.

26. ക്രിസ്ത്യാനിയുടെ മകനായി ജനിച്ചതുകൊണ്ട് ആരും ക്രിസ്ത്യാനി ആകുന്നില്ല.

27. വിശ്വസിച്ച് വീണ്ടും ജനിക്കാതെ ആരും ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല.

28. മരിച്ചുപോയ മനുഷ്യനുവേണ്ടി കഴിക്കുന്ന പ്രാർത്ഥനയോ കർമ്മങ്ങളോ യാതൊരു ഫലവും ചെയ്യുന്നില്ല.

29. സ്വർഗ്ഗവും നരകവും നിത്യമാണ്. നരകശിക്ഷയിൽ നിന്നും വിടുവിക്കപ്പെടുവാൻ യാതൊരു കർമ്മങ്ങളാലും സാധ്യമല്ല.

30. തിരുവത്താഴം ക്രൂശുമരണത്തിന്റെ ഓർമ്മയ്ക്കായി കർത്താവു തന്നിരിക്കുന്ന കല്പനയുടെ അനുസരണമായ കർമ്മാനുഷ്ഠാനമാണ്. ഓരോ വിശ്വാസിയും അത് ആചരിക്കേണ്ടതാണ്.

31. തിരുവത്താഴത്തിൽ അപ്പവീഞ്ഞുകൾക്ക് വസ്തു മാറ്റം സംഭവിക്കുന്നില്ല.

32. യേശുക്രിസ്തുവിന്റെ യാഗം ആവർത്തിക്കപ്പെടുന്നില്ലായ്കയാൽ സഭ കൂടുന്നിടത്ത് യാഗസ്ഥലം ആവശ്യമില്ല.

33. അപ്പം നുറുക്ക് കർത്താവിന്റെ വരവുവരെ സഭകൂടി ആചരിക്കേണ്ടതാണ്.

34. സംഘടനകൾക്ക് അപ്പം നുറുക്കുവാൻ കല്പന ഇല്ല.

35. തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഓരോ വ്യക്തിയും അപ്പത്തിൽ നിന്നും പാനപാത്രത്തിൽ നിന്നും പങ്കുകൊള്ളേണ്ടത്. അല്ലാത്തവർ ശിക്ഷാവിധി തിന്നുകയും കുടിക്കുകയുമാണ് ചെയ്യുന്നത്.

36. യേശു കർത്താവ് നമ്മുടെ ഏക പുരോഹിതനും, സ്ത്രീപുരുഷ ഭേദമെന്യേ രക്ഷിക്കപ്പെട്ട എല്ലാവരും രാജകീയ പുരോഹിത വർഗ്ഗവുമാണ്.

37. നിയമിക്കപ്പെട്ട പുരോഹിതന്മാർ ദൈവസഭയ്ക്കില്ല.

38. ദൈവത്തെ ആരാധിപ്പാനുള്ള കടപ്പാട് എല്ലാ വിശ്വാസികൾക്കും ഉണ്ട്. വ്യക്തിപരമായും, കുടുംബമായും, സഭയായും ദൈവത്തെ ആരാധിക്കണം.

39. സഭകളിൽ ഏക മൂപ്പൻ ഭരണമോ ഏക പാസ്റ്റർ ഭരണമോ ഏക പുരോഹിതൻ ഭരണമോ വചനാനുസൃതമല്ല.

40. സഭാ ശുശ്രൂഷകന്മാർക്ക് പ്രത്യേകം വസ്ത്രധാരണരീതി വചനാനുസൃതമല്ല.

41. സഭയ്ക്ക് സെക്രട്ടറി, പ്രസിഡന്റ്, കർദ്ദിനാൾ, മെത്രാപ്പോലീത്താ, സെന്റർപാസ്റ്റർ, സ്റ്റേറ്റ് ഓവർസീയർ തുടങ്ങിയ തസ്തികകൾ വചനാനുസൃതമല്ല.

42. സഭകളിൽ ചുമതലക്കാരെ വോട്ടിട്ട് തെരഞ്ഞെടുക്കുന്ന രീതി വചനാനുസൃതമല്ല.

43. സ്ഥലം സഭകൾ ഒന്നിലധികം മൂപ്പന്മാരാൽ ഭരിക്കപ്പെടണം.

44. മൂപ്പന്മാർക്ക് വേദപുസ്തകം പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

45. പിതാവ്, ഗുരു, നായകൻ. സുവിശേഷകൻ, മൂപ്പൻ, പാസ്റ്റർ എന്നിങ്ങനെ പേരുകൾ എടുക്കരുത്. ബ്രദർ എന്ന് സ്ഥാനപ്പേരും നൽകരുത്.

46. ദൈവം പ്രത്യേകാൽ വിളിച്ച് വേലയ്ക്ക് ആക്കുന്നവരാണ് സുവിശേഷകന്മാർ അവർ മാതൃ സഭയാൽ അയക്കപ്പെട്ട് സുവിശേഷവേല ചെയ്യണം.

47. മൂപ്പന്മാരാണ് ഇടയനും, അദ്ധ്യക്ഷനും, ഉപദേഷ്ടാവും. അവർ സഭയെ പരിപാലിക്കണം.

48. റവറന്റ് എന്നത് ദൈവത്തിനു മാത്രമുള്ള പദവിയാണ്. അത് മനുഷ്യൻ എടുക്കുവാനോ, മനുഷ്യരെ റവറെന്റെന്നോ പിതാവെന്നോ, സംബോധന ചെയ്യുവാനോ പാടില്ല.

49. പട്ടക്കാരൻ, പുരോഹിതൻ, ആത്മായൻ ഇവയൊന്നും സഭയിൽ ഇല്ല. എല്ലാവരും സഹോദരന്മാരും സഹോദരിമാരുമാണ്. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്. കൃപാവരങ്ങൾ അതിനനുസരണമായി ഓരോരുത്തർക്കും നൽകിയിരിക്കുന്നു.

50. സഭയിലെ ഏതെങ്കിലും ശുശ്രൂഷക്കാരന് പ്രമോഷനോ, ട്രാൻസ്ഫറോ വേദപുസ്തകം പഠിപ്പിക്കുന്നില്ല.

51. സഭകൾക്ക് അധികാര ശ്രേണി ഉണ്ടാകുവാൻ പാടില്ല.

52. മാനസാന്തരം അതിൽ തന്നെ രക്ഷയല്ല. മാനസാന്തരവും അതോടൊപ്പം സുവിശേഷത്തിലുള്ള വിശ്വാസവും വീണ്ടും ജനനത്തിന് ആവശ്യമാണ്.

53. രക്ഷിക്കപ്പെട്ടവർ സ്നാനം തുടങ്ങിയ ദൈവകൽപ്പനകൾ അനുസരിപ്പാൻ ബാധ്യസ്ഥരും അനുസരിക്കുന്നവരും ആയിരിക്കും. ദൈവവചനം നിരസിക്കുന്നവർ രക്ഷിക്കപ്പെട്ടവരല്ലാത്തതിനാലാണ് അങ്ങനെ ചെയ്യുന്നത്.

54. ഏതു വിഭാഗത്തിലുമുള്ള രക്ഷിക്കപ്പെട്ടവർ നിത്യരാജ്യത്തിനവകാശികളാണ്.

55. യഥാർത്ഥമായി രക്ഷിക്കപ്പെട്ടവരെ ദൈവം മാത്രം അറിയുന്നു. രക്ഷിക്കപ്പെട്ടു എന്നു സ്വയം പറയുന്നവർ എല്ലാവരും രക്ഷിക്കപ്പെട്ടവരാകണമെന്നില്ല.

56. രക്ഷിക്കപ്പെട്ടവർ മാത്രം ഉള്ള ഒരു സഭയും ഭൂമിയിൽ ഇല്ല. കോതമ്പിനോടു കൂടെ കളയും കൊയ്ത്തുനാൾവരെ ഭൂമിയിൽ ഉണ്ടായിരിക്കും.

57. രക്ഷിക്കപ്പെട്ട വ്യക്തിക്ക് പാപം ചെയ്യുവാൻ കഴിയും. എന്നാൽ ഏറ്റു പറയുമ്പോൾ ദൈവം ക്ഷമിക്കുന്നു. ദൈവം രക്ഷിച്ച വ്യക്തിയെ ദൈവത്തിനോ മനുഷ്യർക്കോ ശിക്ഷിപ്പാൻ കഴികയില്ല.

58. എല്ലാ വിശ്വാസികളും വിശുദ്ധന്മാരും നീതിമാന്മാരുമാണ്. വിശ്വാസത്താൽ മാത്രമാണ് ആ പദവി ലഭിച്ചിരിക്കുന്നത്.

59. രക്ഷിക്കപ്പെടുന്നതിനോ പരിശുദ്ധാത്മസ്നാനം, അഭിഷേകം ഇവ പ്രാപിക്കുന്നതിനോ അടയാളം ഒന്നും ഇല്ല. രക്ഷിക്കപ്പെട്ട ഓരോ വിശ്വാസിയുടെയും ഉള്ളിൽ പരിശുദ്ധാത്മാവ് അപ്പോൾ തന്നെ വാസം ആരംഭിക്കുന്നു.

60. രക്ഷിക്കപ്പെട്ട് സ്നാനപ്പെടാത്തവർ കർത്തൃമേശയിൽ സംബന്ധിക്കുവാൻ പാടില്ല.

61. വചനപഠനം, പ്രാർത്ഥന, വിശുദ്ധജീവിതം ഇവ എല്ലാ വിശ്വാസികൾക്കും ജീവിതത്തിൽ ഉടനീളം ഉണ്ടായിരിക്കണം.

62. ഭൂമിയിൽ ജനിച്ച രക്ഷ പ്രാപിക്കാത്ത സകല മനുഷ്യരും ഉയിർത്ത് വെള്ള സിംഹാസനത്തിനു മുൻപിൽ ന്യായവിധിക്കായി നിൽക്കുകയും നിത്യനരക ശിക്ഷാവിധിയിലേക്ക് പോകേണ്ടിവരികയും ചെയ്യും.

63. രക്ഷ നിത്യമാണ്. രക്ഷിക്കപ്പെടുന്ന വ്യക്തി എന്നേക്കുമായി രക്ഷിക്കപ്പെടുന്നു. വിശ്വാസിയുടെ രക്ഷ ദൈവത്തിൽ ഭദ്രമാണ്. അഥവാ രക്ഷ നഷ്ടപ്പെടുകയില്ല.

64. വിശ്വാസി വിശുദ്ധനാകയാൽ വിശുദ്ധ ജീവിതം നയിക്കണം. അവൻ ലോകമനുഷ്യരെപ്പോലെ ജീവിക്കരുത്.

65. ദൈവം നൽകുന്ന കൃപാവരങ്ങൾ സഭയുടെ ആത്മീക വർദ്ധനവിന് ഉതകണം.

66. അന്യഭാഷ, പ്രവചനം ഇവ വചനപ്രകാരം നിന്നുപോയതിനാൽ ഇന്ന് ഇല്ല. ഇന്ന് ആരും തന്നെ മറ്റ് ആർക്കെങ്കിലും മനസ്സിലാക്കുവാൻ കഴിയുന്ന അന്യഭാഷ പറയുകയോ, തെറ്റി കൂടാത്ത പ്രവചനങ്ങൾ നടത്തുകയോ ചെയ്യുന്നില്ല.

67. രോഗശാന്തി വരപ്രാപ്തന്മാർ ഇന്നില്ല. എന്നാൽ പ്രാർത്ഥനയ്ക്കുത്തരമായി ദൈവം രോഗം സൗഖ്യമാക്കും.

68. സഭയിലെ ഏതെങ്കിലും ശുശ്രൂഷയ്ക്കോ, അപ്പം നുറുക്കൽ, സ്നാനം, വിവാഹശുശ്രൂഷ, ശവസംസ്ക്കാരം തുടങ്ങിയവയ്ക്കോ നിയമിക്കപ്പെട്ട വ്യക്തികൾ (ീുറമശിലറ) ഇല്ല. ബൈബിൾ സ്കൂളിലെ പഠനമോ, ഡിഗ്രിയോ, ഓർഡിനേഷനോ (കൈവെപ്പോ) ഇവയിലേതെങ്കിലും ചെയ്യുവാനുള്ള യോഗ്യതയായി വേദപുസ്തകം പഠിപ്പിക്കുന്നില്ല.

69. കൈവെയ്പ്പ് സ്നേഹത്തെയോ കൂട്ടായ്മയെയോ കാണിക്കുന്നുവെന്നല്ലാതെ, അത് എന്തെങ്കിലും യോഗ്യത ശുശ്രൂഷയ്ക്കായി പ്രദാനം ചെയ്യുന്നില്ല. ഇതിന് പാരമ്പര്യത്തെ ആവാഹിപ്പാനും കഴിവില്ല.

70. ദൈവത്തിന് ഇന്നും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയും എന്നാൽ അടയാളങ്ങൾ എന്നും തുടർന്നുകൊണ്ടിരിക്കുന്നവയല്ല.

71. കർത്താവിന്റെ വരവിന്റെ തീയതി കണക്കുകൂട്ടുവാനോ പ്രവചിക്കുവാനോ ആർക്കും സാധ്യമല്ല. അത് ദൈവം മാത്രം അറിയുന്ന കാര്യമാണ്. വിശ്വാസികൾ ഏതു നിമിഷവും കർത്താവിന്റെ വരവു പ്രതീക്ഷിച്ച് ഒരുങ്ങിയിരിക്കണം.

72. പരിശുദ്ധാത്മസ്നാനം കർത്താവിന്റെ ശരീരമാകുന്ന സഭയോട് ചേർക്കുന്നതും അഭിഷേകം ആരാധിപ്പാനായി പുരോഹിതനാക്കുന്നതും മുദ്ര വീണ്ടെടുപ്പുനാളിലേക്കുള്ള പരിശുദ്ധാത്മാവിന്റെ അടയാളവും അച്ചാരം വീണ്ടെടുപ്പുനാളിനായി തന്നിരിക്കുന്ന പരിശുദ്ധാത്മാവാലുള്ള ഉറപ്പും ആണ്. ഇവയെല്ലാമോ ഒന്നും തന്നെയോ കാത്തിരുന്നു പ്രാപിക്കേണ്ടവ അല്ല. ഇവയിലേതെങ്കിലും ലഭിച്ചു എന്നതിന് അടയാളങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. രക്ഷി

ക്കപ്പെടുന്ന മാത്രയിൽ ഇവയെല്ലാം ലഭിക്കുന്നു. എന്നാൽ പരിശുദ്ധാത്മ നിറവ് ആവർത്തിക്കുന്നതാണ്.

73. രോഗത്തിന് പ്രാർത്ഥനയും ചികിത്സയും ആവശ്യമാണ്. ഡോക്ടറിൽ കൂടിയും സൗഖ്യം നൽകുവാൻ ദൈവത്തിനു കഴിയും.

74. സഭ കർത്താവിന്റെ മണവാട്ടിയാണ്.

75. സ്ഥലം സഭകൾ സ്വതന്ത്രമാണ്.

76. ഒരു സ്ഥലം സഭയുടെ മേൽ മറ്റൊരു സഭയിലെ ഒരു വ്യക്തിക്കും അധികാരം ഇല്ല.

77. പ്രാദേശിക സഭ സൗകര്യപ്രദവും യോഗ്യവുമായ ഏതു സ്ഥലത്തും കൂടാവുന്നതാണ്. അതിന് ശുദ്ധീകരിച്ചു വേർതിരിച്ച സ്ഥലം വേണം എന്നില്ല.

78. ആരാധന ബാഹ്യമായ ഏതെങ്കിലും ചടങ്ങല്ല. ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത്.

79. കാൽ കഴുകൽ ഒരു ചടങ്ങു ശുശ്രൂഷയായി ആചരിക്കേണ്ടതല്ല.

80. കർത്തൃമേശ ആരാധനയല്ല. കർത്തൃമേശയോടു കൂടെ ആരാധിക്കുകയാണ്.

81. സഭയ്ക്ക് പുണ്യവാളന്മാരോ പുണ്യവാളത്തികളോ ഇല്ല. എല്ലാ ദൈവമക്കളും വിശുദ്ധന്മാരും നീതിമാന്മാരുമാണ്.

82. സഭ പള്ളി അല്ല വിളിച്ചു ചേർക്കപ്പെട്ടവരുടെ കൂട്ടം (അസംബ്ലി) ആണ്. രക്ഷിക്കപ്പെട്ടവർ മാത്രമാണ് സഭയുടെ അംഗങ്ങൾ

83. സഭയുടെ തല ക്രിസ്തുവും സഭയുടെ ഹെഡ് ആഫീസ് സ്വർഗ്ഗവും ആണ്.

84. സഭ ഒരു ഭൗമിക സ്ഥാപനം അല്ല ക്രിസ്തുവിന്റെ ശരീരം ആണ്. ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളാണ്.

85. സഭ ദൈവത്താൽ വിളിച്ചു ചേർക്കപ്പെട്ടവരുടെ കൂട്ടമാണ് (എക്ലീസീയ) അവരെ എല്ലാവരെയും ദൈവം അറിയുന്നു അവർ എല്ലാവരും കർത്താവിന്റെ മധ്യാകാശവരവിൽ എടുക്കപ്പെടും.

86. സഭ മഹാപീഡനത്തിൽ കൂടി കടന്നു പോകയില്ല.

87. സഭയെ കർത്താവ് തന്റെ രക്തത്താൽ വാങ്ങിയതാകയാൽ കർത്താവിന്റെ വകയാണ്. സഭയെ ഏതെങ്കിലും വിധത്തിൽ ജഡിക ഉല്ലാസത്തിനുള്ള ഉപാധി ആക്കരുത്.

88. സംഘടനകൾ സഭയല്ല, സഭ സംഘടനയുമല്ല.

89. കർത്താവിന്റെ മധ്യാകാശ വരവിൽ സഭ എടുക്കപ്പെടും. അതുവരെ മരിച്ച സകല വിശുദ്ധന്മാരും ഉയിർക്കപ്പെടും. അപ്പോൾ ജീവനോടെയുള്ളവർ രൂപാന്തരപ്പെടുകയും ചെയ്യും. പിന്നെ അവർ എന്നും കർത്താവിനോടുകൂടെ ആയിരിക്കും.

90. സഭ എടുക്കപ്പെടുന്നതിനോടുകൂടി കൃപായുഗം അവസാനിക്കയും മഹാപീഡനയുഗം ആരംഭിക്കുകയും ചെയ്യും.

91. പീഡനകാലയളവിൽ അന്തിക്രിസ്തു (എതിർക്രിസ്തു) വിന്റെ ഭരണം നടക്കും.

92. മഹാപീഡനാന്ത്യത്തിൽ സാത്താൻ ബന്ധിക്കപ്പെടുകയും സഹസ്രാബ്ദവാഴ്ച ആരംഭിക്കുകയും ചെയ്യും.

93. സഹസ്രാബ്ദത്തിൽ കർത്താവ് ഭൂമിയിൽ ഭരണം നടത്തും.

94. സഹസ്രാബ്ദാവസാനം നടക്കുന്ന യുദ്ധത്തിൽ സാത്താനെ നരകത്തിൽ തള്ളിക്കളയും, ഭൂമി വെന്തുരുകും. പുതിയ ഭൂമിയും ആകാശവും പ്രത്യക്ഷപ്പെടും.

95. സഭയിൽ ഏകാധിപത്യമോ, ജനാധിപത്യമോ ആയ ഭരണക്രമമല്ല, ദൈവാധിപത്യവും വചനാനുസൃതവുമായ ഭരണമാണ് വേണ്ടത്.

96. ലൗകീകമായ ആചാരാനുഷ്ഠാനങ്ങൾ, രീതികൾ, വിഗ്രഹാരാധന, ധനാസക്തി, ദുർനടപടികൾ, വ്യഭിചാരം, ആഡംഭരം എന്നിവയിൽ നിന്നും വിശ്വാസി വേർപെട്ടിരിക്കണം.

97. സ്ത്രീകൾ സഭയിൽ ഉപദേശിക്കുവാനോ പുരുഷന്റെമേൽ കർത്തൃത്വം നടത്തുവാനോ പാടില്ല.

98. നിയുക്ത വധുവിനോ വരനോ വേണ്ട നിർദ്ദേശങ്ങൾ സഭ വചനാനുസൃതം നൽകണം.

99. ദൈവസന്നിധിയിൽ വിശുദ്ധവും മാന്യവും യോഗ്യവുമായ വസ്ത്രം ധരിക്കണം.

100. ഒരു സഭ ശിക്ഷാ നടപടിക്ക് വിധേയമാക്കിയ ആളിനെ അത് തിരുത്തി പരിഹരിക്കാതെ മറ്റൊരു സഭ സ്വീകരിക്കുവാൻ പാടില്ല.

101. ഉപദേശപരമായ വിഷയങ്ങളിൽ സമാനത പാലിക്കാത്തവരോടു കൂടി ഒരുമിച്ച് ആരാധിക്കരുത്.

102. ദുർനടപടിക്കാരൻ സഭാ കൂട്ടായ്മയിൽ തുടരരുത്.

103. സുവിശേഷം പറയുവാനുള്ള നിയോഗം എല്ലാ വിശ്വാസികൾക്കും ഉണ്ട്.

104. വിവാഹ മോചനം പാടില്ല. ഏക ഭാര്യയും ഏക ഭർത്താവുമായിരിക്കണം ഉണ്ടായിരിക്കേണ്ടത്.

105. ഭർത്താവോ ഭാര്യയോ ജീവനോടെയിരിക്കുമ്പോൾ വിശ്വാസ വിഷയം നിമിത്തമോ, മറ്റെന്തെങ്കിലും കാരണത്താലോ പങ്കാളി വേർപെട്ടുവെങ്കിൽ തന്നെയും പുനർവിവാഹം കഴിക്കുവാൻ പാടില്ല.

106. ആഭരണങ്ങൾ വിഗ്രഹാരാധനയുടെ ബാക്കി പത്രവും, സമ്പത്തിന്റെ പ്രദർശനവും കൃത്രിമ സൗന്ദര്യത്തിന്റെ ഉപാധിയും ആകയാൽ വിശ്വാസിക്ക് യോഗ്യമല്ല.

107. മോതിരം ഏലസ്സ് മുതലായവ-ഗ്രഹദോഷ നിവാരണം, ഇഷ്ടസന്താനഭാഗ്യം, ശത്രു നിഗ്രഹം, ജന്മദിന ദോഷവിടുതൽ, ദുർഭൂതങ്ങളിൽ നിന്നുള്ള രക്ഷ എന്നിങ്ങനെയുള്ള അന്ധവിശ്വാസങ്ങളുടെ ഭാഗമാകയാൽ വിശ്വാസിക്ക് അവ യോഗ്യമല്ല.

108. ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങൾ ദൈവവചനത്തിലുള്ള കല്പനയല്ല. അവയുടെ യഥാർത്ഥ തീയതികൾ ആർക്കും അറിയുകയില്ല. ഇവ ആഘോഷിപ്പാൻ കല്പനയോ, ആദിമസഭ ഇവയിലേതെങ്കിലും ആഘോഷിച്ച ചരിത്രമോ ഇല്ല. മറ്റുള്ളവരെ അനുകരിച്ച് ഇവ ആഘോഷിക്കരുത്.

109. സുവിശേഷവേലയിലും വിധവാ സംരക്ഷണത്തിലും സ്ത്രീകൾ പങ്കുവഹിക്കണം.

110. മദ്യപാനം, മയക്കുമരുന്നുകൾ, പുകവലി, വെറ്റിലമുറുക്ക്, പാൻമസാല ഇവ വിശ്വാസികൾ വർജ്ജിക്കണം.

111. പെൺകുട്ടികളും, സ്ത്രീകളും, പുരുഷന്മാരും, എല്ലായിടത്തും യോഗ്യമായ രീതിയിൽ വസ്ത്രം ധരിക്കണം; പച്ചകുത്ത്, താടി വികൃതമാക്കൽ, പ്രായമായി നരച്ചവർ മുടി കറുപ്പിക്കുന്നത് ഇവ യോഗ്യമല്ല. പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്.

112. ആഡംബര പ്രിയർ ആകരുത് എല്ലാറ്റിലും മിതത്വം പാലിക്കണം.

113. സ്നേഹം, സൗമ്യത, ക്ഷമ, പരോപകാരം, വിശ്വസ്തത, ഇന്ദ്രിയജയം തുടങ്ങിയ ഗുണങ്ങൾ എല്ലാ വിശ്വാസികളിലും ഉണ്ടായിരിക്കണം.

114. രാഹുവേള, ഹസ്തരേഖ, ശകുനം, നക്ഷത്രഫലം തുടങ്ങിയ ജാതീയ അന്ധവിശ്വാസങ്ങൾ പാടില്ല

115. ശബത്താചരണം നിഴൽ മാത്രമായിരുന്നു. ഇന്ന് ശബത്താചരണം ഇല്ല.

116. പുരുഷനും സ്ത്രീയും തമ്മിലാണ് വിവാഹിതരാകേണ്ടത്. സ്വവർഗ്ഗവിവാഹം ദൈവം ഏറ്റവും വെറുക്കുന്ന പാപമാണ്.

117. അവിവാഹിതരായ അന്യസ്ത്രീപുരുഷന്മാർ ഒരുമിച്ച് താമസിക്കരുത്.

118. കേസ്സുകൾ കോടതികൾ എന്നിവയിൽ നിന്നും പരമാവധി ഒഴിഞ്ഞിരിക്കണം.

119. ഉപദേശപരമായി യോജിക്കുവാൻ കഴിയാത്തവരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടരുത്, അങ്ങനെയുള്ള വിവാഹങ്ങളിൽ സഭ ചുമതല വഹിക്കുകയും ചെയ്യരുത്.

120. ഒരു യഥാർത്ഥ വിശ്വാസിക്ക് ആത്മഹത്യ ചെയ്യുവാൻ കഴികയില്ല.

**മുകളിൽ എഴുതിയിരിക്കുന്ന വിഷയങ്ങളിന്മേൽ നിങ്ങൾക്ക് സംശയമുണ്ട് എങ്കിൽ ഞങ്ങൾക്ക് എഴുതുക. ഒരു സമയം ഒരാൾ ഒരു വിഷയം മാത്രമേ ചോദിക്കുവാൻ പാടുള്ളൂ**

# സാക്ഷ്യം എന്തല്ല

1. സാക്ഷ്യം - വചനം പഠിപ്പിക്കുന്നതല്ല
2. സാക്ഷ്യം - പാട്ടോ, ഉപദേശമോ അല്ല
3. സാക്ഷ്യം - ശുശ്രൂഷയോ, പ്രസംഗമോ അല്ല
4. സാക്ഷ്യം - പ്രാർത്ഥനയോ, പ്രാർത്ഥനാ വിഷയങ്ങൾ പറയുന്നതോ അല്ല.
5. സാക്ഷ്യം - മറ്റുള്ളവരുടെ കാര്യങ്ങൾ അന്യരോടു പറയുന്നതല്ല
6. സാക്ഷ്യം - കൺവൻഷന് പന്തലിടുന്നതോ, ഉപദേശിമാർക്ക് ആഹാരം വിളമ്പുന്നതോ അല്ല.
7. സാക്ഷ്യം - സ്കൂളിലോ സണ്ടേസ്കൂളിലോ പഠിപ്പിക്കുന്നതോ ശമ്പളത്തിനുവേണ്ടി ജോലി ചെയ്യുന്നതോ അല്ല.
8. സാക്ഷ്യം - സംഘടനാ പ്രവർത്തനമോ സേവനമോ അല്ല.
9. സാക്ഷ്യം - പ്രസംഗവിരുദ്ധമായ പ്രവൃത്തിയും സേവനവുമല്ല
10. സാക്ഷ്യം - **സ്വയം കണ്ടതോ, കേട്ടതോ, അനുഭവിച്ചതോ ആയ കാര്യങ്ങൾ പൊതു പ്രയോജനത്തിനായി മറ്റുള്ളവരോട് പറയുന്നതും, ദൈവം എനിക്കു ചെയ്ത കാര്യങ്ങളും ഞാൻ ദൈവനാമത്തിൽ ചെയ്ത കാര്യങ്ങളും മറ്റുള്ളവർക്ക് ഉപകരിക്കേണ്ടതിനായി പറയുന്നതും, നീതിയുള്ള ജീവിതം നയിക്കുന്നതുമാണ്.**

JS